**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5951** **09-11-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വികസനപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 2016-2021 കാലഘട്ടത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | പ്രസ്തുത നിയോജക മണ്ഡലത്തിൽ 2016-21 കാലഘട്ടങ്ങളിലായി കോളനികളുടെ നവീകരണത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിലെ ഒ.എൽ.എച്ച്, നായരമ്പലം പഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. എന്നീ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. 1. ഒ.എൽ.എച്ച് കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2. ഐ.എച്ച്.ഡി.പ്.കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ആയത് റദ്ദ് ചെയ്തു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016-2021 കാലഘട്ടത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി (1,10,00,000/- രൂപ) ഒരു കോടി പത്ത് ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ (85,00,000/-) എൺപത്തിയഞ്ച് ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന 25,00,000/- രൂപ അടങ്കൽ തുകയായുള്ള സീഷോർ പട്ടികജാതി കോളനി റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഒഴികെ മറ്റ് എല്ലാ പ്രവൃത്തികളും കരാറുകാർ പ്രവർത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതുമൂലം റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ